"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ്- എയ്ഡഡ് സ്കൂളുകളിൽ 2019-2020 അധ്യയന വർഷം വരെ നിയമിതരായ അദ്ധ്യാപകർക്ക് കെ-ടെറ്റ് യോഗ്യത നേടുന്നതിന് സമയപരിധി അനുവദിച്ച ഉത്തരവിൻമേൽ സ്പഷ്ടീകരണവും സമന്വയ സോഫ്റ്റ് വെയറിൽ കെ-ടെറ്റ് യോഗ്യത ഒരു mandatory field ആക്കിയുള്ള ഉത്തരവും പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

---

**പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്**

സ.ഉ.(കൈ) നം.179/2021/പൊ.വി.വ    തീയതി,തിരുവനന്തപുരം, 18/08/2021

---

പരാമർശം:-

1. സ.ഉ. (കൈ) നം. 58/21/പൊ.വി.വ തീയതി 12/02/2021
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 1/7/2021, 2/8/2021 തീയതികളിലെ എച്ച്3/5913/21 നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ കെ ടെറ്റ് പരീക്ഷകൾ നിശ്ചിത സമയത്തിനകം നടത്താൻ കഴിയാത്ത സാഹചര്യം പരിഗണിച്ച് എയ്ഡഡ് സ്കൂളിൽ 2019-2020 അധ്യയന വർഷം വരെ നിയമിതരായ അദ്ധ്യാപകർക്ക് കെ-ടെറ്റ് യോഗ്യത നേടുന്നതിന് 2020-2021 സ്കൂൾ വർഷാവസാനം വരെ സമയപരിധി അനുവദിച്ചുകൊണ്ട് പരാമർശം(1) പ്രകാരം ഉത്തരവായിരുന്നു. കോവിഡ് രൂക്ഷമായ സാഹചര്യത്തിൽ, പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ലഭിച്ച നിയമന പ്രൊപ്പോസലുകൾ മുഴുവൻ 2021 മെയ് 31 നകം പരിഗണിച്ചു തീർപ്പുകല്പിക്കാനായിട്ടില്ലെന്നും, ചിലർക്ക് 2021 മെയ് 31 നകം അപേക്ഷ/ അപ്പീൽ അനുവദിച്ചു നൽകിയിട്ടുണ്ടെങ്കിലും മറ്റ് ചിലരുടെ അപേക്ഷകൾ തീർപ്പാക്കാതെ വിദ്യാഭ്യാസ ഓഫീസുകളിൽ നിലനില്ക്കുണ്ടെന്നും, മെയ് 31 കഴിഞ്ഞ സ്ഥിതിയ്ക്ക് അവ നിരസിച്ചു തീർപ്പാക്കാൻ മാത്രമേ നിർവ്വാഹമുള്ളൂ എന്നും, ഇളവിന് അർഹതയുള്ളവരിൽ ഒരു വിഭാഗത്തിന് ആയതു ലഭിക്കുകയും മറ്റു ചിലർക്ക് ആയത് ലഭിക്കാതെ വരുകയും ചെയ്യുന്നത് വിവേചനത്തിന് ഇടയാക്കുമെന്നും ഇക്കാര്യത്തിൽ സ്പഷ്ടീകരണം നല്കണമെന്നും പരാമർശം(2) പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ, എയ്ഡഡ് സ്കൂളുകളിൽ നിയമനങ്ങളുമായി ബന്ധപ്പെട്ട സമന്വയ സോഫ്റ്റ് വെയറിൽ കെ-ടെറ്റ് യോഗ്യത mandatory field ആക്കുന്നതിനുള്ള അനുമതിയും ആവശ്യപ്പെട്ടിട്ടുണ്ട്.

2)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന പ്രകാരം ഉത്തരവാകുന്നു:-

(i) എയ്ഡഡ് സ്കൂളുകളിൽ 2019-2020 വർഷം വരെ നിയമിതരായ അധ്യാപകർക്ക് കെ ടെറ്റ് പാസാകുന്നതിന് 2020-2021 സ്കൂൾ വർഷാവസാനം വരെ സമയപരിധി ദീർഘിപ്പിച്ചു നൽകികൊണ്ട് പരാമർശം(1)-ലൂടെ ഉത്തരവായ പ്രകാരം അർഹമായ കേസുകൾ, എന്നാൽ പ്രസ്തുത ഉത്തരവ് നിലവിൽ വരുന്നതിന് മുമ്പ് നിരസിക്കപ്പെട്ട നിയമനാംഗീകാര അപേക്ഷകളും കൂടാതെ അപ്പീൽ ആയി നിലനിൽക്കുന്നവയും മറ്റ് വിധത്തിൽ യോഗ്യമെങ്കിൽ, 2021 മെയ് 31 നു ശേഷമാണ് പരിഗണിക്കുന്നത് എന്ന കാരണത്താൽ നിരസിക്കേണ്ടതില്ല.

(ii) എയ്ഡഡ് സ്കൂൾ നിയമനങ്ങളുമായി ബന്ധപ്പെട്ട സമന്വയ സോഫ്റ്റ് വെയറിൽ കെ-ടെറ്റ് യോഗ്യത ഒരു mandatory field ആക്കി സോഫ്റ്റ് വെയർ പരിഷ്കരിക്കുന്നതിനുള്ള നടപടി പൊതു വിദ്യാഭ്യാസ ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
A P M Mohammed Hanish
പ്രിൻസിപ്പൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം,

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടമാർക്കും, ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

(പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഐ.റ്റി @ സ്കൂൾ, തിരുവനന്തപുരം (വെബ് സൈറ്റിൽ

പ്രസിദ്ധീകരിക്കുന്നതിനായി)

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം,

പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും, ഓഫീസർമാർക്കും

പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും,

ഡയറക്ടർ (വെബ് & ന്യൂ മീഡിയ പ്രസ്സ് റിലീസ്, വിവര പൊതുജന സമ്പർക്ക വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി,

ഉത്തരവിൻ പ്രകാരം

Signed by Parvathy. S.a
Date: 18-08-2021 14:05:49
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ് ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

സെക്രട്ടറിയുടെ പി.എ യ്ക്ക്